## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4259** **12.11.2019-ൽ മറുപടിക്ക്**

## മങ്കട മണ്ഡലത്തിൽ സ്ട്രീറ്റ് മെയിനുകൾ വലിക്കുന്ന അപേക്ഷയിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ

| | ചോദ്യം<br>ശ്രീ. ടി.എ.അഹമ്മദ് കബീർ | | മറുപടി<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | മങ്കട നിയോജകമണ്ഡലത്തിലെ വിവിധ ഗ്രാമപഞ്ചായത്തുകൾ സ്ട്രീറ്റ് മെയിൻ വലിക്കുന്നതിന് കെ. എസ്. ഇ. ബി. യ്ക്ക് അപേക്ഷകൾ നൽകിയിട്ടുണ്ടോ; | (എ) (ബി) & (സി) | മങ്കട നിയോജ മണ്ഡലത്തിലെ മൂർക്കനാട്, മക്കരപ്പറമ്പ, മങ്കട, കുറുവ, കൂട്ടിലങ്ങാടി, അങ്ങാടിപ്പുറം എന്നീ ഗ്രാമപഞ്ചായത്തുകൾ സ്ട്രീറ്റ് മെയിൻ വലിക്കുന്നതിനു കെ.എസ്.ഇ.ബി.എൽ.-നു അപേക്ഷ നൽകിയിട്ടുണ്ട്. ഇതിൽ മങ്കട,അങ്ങാടിപ്പുറം എന്നീ ഗ്രാമപഞ്ചായത്തുകൾ സ്ട്രീറ്റ് മെയിൻ വലിക്കുന്നതിനു വേണ്ടി അടച്ച തുകയ്ക്കുള്ള പ്രവൃത്തി കെ. എസ്. ഇ. ബി. എൽ. പൂർത്തീകരിക്കുകയും മൂർക്കനാട്, മക്കരപ്പറമ്പ, കുറുവ, കൂട്ടിലങ്ങാടി എന്നീ ഗ്രാമപഞ്ചായത്തുകൾ അടച്ച തുകയ്ക്കുള്ള പ്രവൃത്തി പുരോഗമിച്ചു കൊണ്ടിരിക്കുകയുമാണ്. സ്ട്രീറ്റ് മെയിൻ വലിക്കുന്ന പ്രവൃത്തികളുടെ പുരോഗതി താഴെ പറയും പ്രകാരമാണ്. |
| (ബി) | പ്രസ്തുത അപേക്ഷയിന്മേൽ കെ. എസ്. ഇ.ബി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്ന് വ്യക്തമാക്കാമോ; | | |
| (സി) | പ്രസ്തുത ഗ്രാമപഞ്ചായത്തുകൾ നൽകിയ അപേക്ഷകൾ പ്രകാരം സ്ട്രീറ്റ് മെയിനുകൾ വലിക്കുന്നതിന് ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്താമോ? | | |

| ക്രമ നം. | ഗ്രാമ പഞ്ചായത്ത് | അടച്ച തുക | സ്ട്രീറ്റ് മെയിനിന്റെ ദൂരം (കി.മീ.) | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | മൂർക്കനാട് | 10,00,000 | 19 | പുരോഗമിച്ചു കൊണ്ടിരിക്കുന്നു |
| 2 | മക്കരപറമ്പ് | 14,51,518 | 11 | പുരോഗമിച്ചു കൊണ്ടിരിക്കുന്നു |
| 3 | കുറുവ | 7,50,000 | 7.5 | പുരോഗമിച്ചു കൊണ്ടിരിക്കുന്നു |
| 4 | കൂട്ടിലങ്ങാടി | 13,92,582 | 17.4 | പുരോഗമിച്ചു കൊണ്ടിരിക്കുന്നു |

| | | | | |
|---|---|---|---|---|
| | | 17,05,572 | 13.5 | പുരോഗമിച്ചു കൊണ്ടിരിക്കുന്നു |
| 5 | മങ്കട | 8,15,959 | 7.4 | പൂർത്തീകരിച്ചിട്ടുണ്ട്. |
| 6 | അങ്ങാടിപ്പുറം | 20,00,000 | 20 | പൂർത്തീകരിച്ചിട്ടുണ്ട് |

പൂർത്തിയാക്കാനുള്ള പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ